# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പഴയഓഫീസ് കെട്ടിടം ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.792 /12/തസ്വഭവ　　　　തിരുവനന്തപുരം, തീയതി:07.03 12.

---

പരാമർശം:-1. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 06.09.11-ലെ 17-ാം നമ്പർ തീരുമാനം.

2. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2011-ലെ എ2-1600/11-ാം നമ്പർ കത്ത്.

3. നെടുങ്കണ്ടം പി.ഡബ്ലിയു.ഡി ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ 01.06.2011-ലെ എൽ.ബി.എസ്.36/2003-ാം നമ്പർ വാല്യൂവേഷൻ സർട്ടിഫിക്കറ്റും എസ്റ്റിമേറ്റും.

4. പഞ്ചായത്ത് ഡയറക്ടറുടെ 21.12.11-ലെ സി1-30682/11 നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ 50 വർഷത്തിനുമേൽ കാലപ്പഴക്കമുള്ള നിലവിലുള്ള ഓഫീസ് കൊട്ടിടം ജീർണ്ണാവസ്ഥയിൽ ആയതിനാൽ 2011-2012 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളതും 25,31,832/- രൂപ വകയിരുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി നിലവിലുള്ള പഴയ കെട്ടിടം ലേലം ചെയത് പൊളിച്ചു മാറ്റുന്നതിന് അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) -ലെ തീരുമാനം, ഉടുമ്പൻചോല സെക്രട്ടറിയുടെ പരാമർശം (2)-ലെ കത്ത്, പരാമർശം (3) -ലെ അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (4)-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ററുടെ ശുപാർശ അംഗീകരിച്ചുകൊണ്ട് നിലവിൽ പഞ്ചായത്ത് ഓഫീസായി പ്രവർത്തിച്ചുവരുന്ന കാലപ്പഴക്കത്താൽ ജീർണ്ണതയുള്ള പഴയകെട്ടിടം പരാമർശം (3) പ്രകാരമുള്ള പി.ഡബ്ലിയു.ഡി അസിസ്റ്റന്റ് എൻജിനീയറുടെ വാല്യൂവേഷൻ തുകയായ 2,00,929/- രൂപയിൽ (രണ്ട് ലക്ഷത്തി തൊള്ളായിരത്തിഇരുപത്തി ഒൻപത് രൂപ മാത്രം) കുറയാത്ത തുകയ്ക്ക് നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് പരസ്യമായി ലേലം ചെയ്ത് പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ശോഭ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി., ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്, ഇടുക്കി.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എസ്.പി.എ.ഒ. തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**